**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - കീഴല്ലൂർ ഗ്രാമപഞ്ചായത്ത് - 2008-09 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം. 1350/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.13/7/2020**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 17/04/2019 ലെ പി എ എൻ/2924/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 30/09/2019 ലെ ഡി.കെ.എസ്.എ./ 2311/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07/12/2018 ലെ എ 3/8438/18(1)നമ്പർ കത്ത്.

### **ഉത്തരവ്**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 173 ഉപവകുപ്പ് 1 പ്രകാരം അഞ്ചാം പട്ടികയിൽ ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന സ്ഥാപനങ്ങളാണ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്നിവ. എന്നാൽ ആയതിന് വിരുദ്ധമായി ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരാത്ത ടി സ്ഥാപനങ്ങൾക്ക് പത്ര വിതരണത്തിന് ആനുകൂല്യം നൽകിയതിനാലും വികസന ഫണ്ടിൽ നിന്ന് മുൻകൂർ ആയി ചെലവ് ചെയ്തതിനാലും കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക 3-2 പ്രകാരം 15,000/-(പതിനയ്യായിരം) രൂപ തടസ്സപ്പെടുത്തുകയുണ്ടായി.

2. എടയന്നൂർ ഹയർ സെക്കന്ററി സ്കൂളിൽ എൽ.പി.സ്കൂളും യു.പി. സ്കൂളും പ്രവർത്തിക്കുന്നതാകയാൽ പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായി രേഖകൾ പ്രകാരം മാത്രമായിരുന്നു ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗമെന്നും പത്രങ്ങൾ പൊതു വായന മുറികളിലും മറ്റും ഉപയോഗിച്ചിരുന്നതിനാൽ പദ്ധതികൊണ്ട് എൽ.പി., യു.പി. അടക്കമുള്ള വിഭാഗത്തിന് മാത്രമല്ല എല്ലാ വിഭാഗം വിദ്യാർത്ഥികളിലും വായനാ

ശീലം വളർത്തുന്നതിന് സഹായകമായിട്ടുണ്ടെന്നും സാമ്പത്തിക ദുർവിനിയോഗങ്ങളൊന്നും തന്നെ സംഭവിച്ചിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സതുകയ്ക്ക് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് സെക്രട്ടറി പരാമർശം(3)പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

3. പഞ്ചായത്ത് ഭരണസമിതിയുടെ 07.12.2018 ലെ 174/2018 നമ്പർ തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതിയുടെ 40-ാമത് യോഗത്തിലെ 31-ാം നമ്പർ തീരുമാനം എന്നിവ സാധൂകരണത്തിന് ശിപാർശ ചെയ്തിട്ടുണ്ട്

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകൾ കണക്കിലെടുത്ത് **ഭാവിയിൽ സർക്കാർ ഉത്തരവ് ലംഘിച്ചു കൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കരുത്** എന്ന നിർദ്ദേശത്തോടു കൂടി കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2008-09 ഖണ്ഡിക 3-2 പ്രകാരം തടസ്സപ്പെടുത്തിയ 15,000/- (പതിനയ്യായിരം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കീഴല്ലൂർഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**